# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 08/2023
# 05.11.2023 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. സംസ്ഥാന പ്രവർത്തക ക്യാമ്പ്
5. പ്രിൻസിപ്പൽനിയമനം
6. ആവശ്യമായ മറ്റ്കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി, ഡോ.ഗീതാനമ്പ്യാർ എം. കെ, സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി, ഡോ. പ്രിൻസ് പി. ആർ, ശശി സി.ടി, ഡോ. ബി. അശോക്, സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., ഡോ. ആർ. പ്രഗാഷ്, ഡോ. സുമി ജോയ് ഓലിയപ്പുറം, ഡോ. സഞ്ജയ് എസ്., ഡോ. ബേബി ഷീബ സി. പി., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗ്ഗീസ് എം.വി, ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. എം. എ. അസ്കർ, ഡോ. ആനന്ദ് ടി. എ., ഡോ. റോസ് നിക്സ് പി.കെ., ഡോ. മാണിക്ക്യരാജ് കെ., ഡോ. റിജുലാൽ ജി., രാജു എം. സി., ഡോ. കെ. റഹീം, ഡോ. പ്രദീപ് കുമാർ, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ., ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി, ഡോ. മുഹമ്മദ് ബഷീർ കെ. കെ., ഡോ. മോത്തി ജോർജ്

വൈകുന്നേരം 7 മണിക്ക് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. എം. കെ. ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കളമശ്ശേരിയിലെ കൺവെൻഷൻ സെൻററിൽ ഉണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവർ, ദേശാഭിമാനി ചീഫ് ഫോട്ടോഗ്രാഫർ പ്രവീൺ കുമാർ,ചലച്ചിത്ര സംവിധായകൻ സാബു പ്രവദാസ്, പാലസ്തീനിൽ ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനത്തിന്റെ നടപടിക്രമങ്ങൾ കോടതി നിർദ്ദേശപ്രകാരം മുന്നോട്ടു പോകുന്നതിനിടയിൽ താൽക്കാലിക പ്രിൻസിപ്പൽമാരുടെ ചുമതല വഹിക്കുന്ന മൂന്ന് അധ്യാപകർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇതേ തുടർന്ന് കോടതി പ്രിൻസിപ്പൽ നിയമനത്തിന്റെ നടപടിക്രമങ്ങൾ തൽക്കാലത്തേക്ക് നിർത്തിവെക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. ഇത് മൂലം പ്രിൻസിപ്പൽ നിയമനം തടസ്സപ്പെടാതെ മുന്നോട്ട് പോകുവാൻ എന്ത് മാർഗ്ഗമാണ് സംഘടനാപരമായി സ്വീകരിക്കേണ്ടത് എന്നത് ചർച്ച ചെയ്യണം.ബി.ഓപ്ഷൻ സംബന്ധിച്ച് എ.ജി ആവശ്യപ്പെട്ട വിശദീകരണം സർക്കാർ നൽകുകയും ,ഇതേ തുടർന്ന് അംഗങ്ങൾക്ക് പേ-സ്ലിപ്പ് ലഭിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. അസോസിയേറ്റ് പ്രൊഫസർമാരുടെ സ്ക്രീനിംഗ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് തിരിച്ച് പിടിക്കുന്നത് തൽക്കാലത്തേക്ക് മരവിപ്പിച്ചു കൊണ്ടുള്ള സർക്കാർ നിർദ്ദേശം എ.ജിക്ക് നൽകിയിട്ടുണ്ട്.നവംബർ 25, 26 തീയ്യതികളിൽ ആലപ്പുഴയിൽ ചേരുന്ന സംസ്ഥാന പ്രവർത്തക ക്യാമ്പിൽ അംഗങ്ങളുടെ സജീവമായ പ്രാതിനിധ്യം ഉറപ്പാക്കണം. ഓൺലൈൻ രജിസ്ട്രേഷൻ 15 നകം പൂർത്തീകരിക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും അജണ്ടകളിമേൽ വിശദമായ ചർച്ചയും നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. പ്രിൻസിപ്പൽ നിയമനത്തിൽ അർഹരായ മുഴുവൻ അധ്യാപകർക്കും അപേക്ഷ സമർപ്പിച്ച് അവരുടെ സീനിയോരിറ്റി സംരക്ഷിച്ച് നിയമനം ലഭിക്കുവാൻ വേണ്ട എല്ലാ സഹായവും സംഘടനാപരമായി നൽകുവാൻ തീരുമാനിച്ചു.
2. നവംബർ മാസം 25, 26 തീയ്യതികളിൽ ആലപ്പുഴയിൽ ചേരുന്ന സംഘടനയുടെ പ്രവർത്തന ക്യാമ്പിന്റെ നടപടി ക്രമങ്ങൾക്ക് സംസ്ഥാന സമിതി അംഗീകാരം നൽകി.
3. സംസ്ഥാന പ്രവർത്തക ക്യാമ്പിൽ അംഗങ്ങളുടെ സജീവ സാന്നിധ്യം ഉറപ്പാക്കുവാനും, രജിസ്ട്രേഷൻ 15 ന് അകം പൂർത്തീകരിക്കുവാനും തീരുമാനിച്ചു.
4. ബി. ഓപ്ഷൻ, എ.ജി.പേ-സ്ലിപ് വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തും.

യോഗം 8 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
05-11-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി